ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒരു പ്രധാന ആശയം കൂടിയാണ്. അതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടൂറിസം പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെൽപ്പിംഗ് ഹാൻഡ്സ് ഓർഗനൈസേഷൻ എന്ന എൻ.ജി.ഒ.-യുമായി ചേർന്ന് കോവളത്ത് ഇന്റർനാഷണൽ ബാരിയർ ഫ്രീ കൈറ്റ് ഫെസ്റ്റ് നടത്തുകയുണ്ടായി.

(സി) പരിഗണിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖല പരിസ്ഥിതി സൗഹൃദമാക്കാൻ നടപടി**

288 (5548) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ക്ലീൻ സാനിട്ടേഷൻ ക്യാമ്പയിൻ മുഖേന വിനോദസഞ്ചാരമേഖലകളിൽ മാലിന്യസംസ്കരണവും ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(സി) ടൂറിസം നയത്തിന്റെ ഭാഗമായി പ്രസ്തുത മേഖലയിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഗ്രീൻ സർട്ടിഫിക്കേഷനിൽ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധത്തിലാണ് വിനോദസഞ്ചാര വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ആസൂത്രണം ചെയ്ത ഗ്രീൻ കാർപ്പെറ്റ് കർമ്മ പദ്ധതിയിലെ പ്രധാന അജണ്ടയായി ഹരിതത്ത്വം പ്രോത്സാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളുടെ പ്രോത്സാഹനവും വിപുലീകരണവുമാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനവും ഘട്ടം ഘട്ടമായി നടപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കുന്ന ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 56 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(സി) ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കാൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ദേശവും നൽകിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കാനുള്ള നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്. ഹരിത പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കാനായിട്ടുണ്ട്. ഘട്ടംഘട്ടമായി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(ഡി) നടപടി സ്വീകരിച്ചിട്ടില്ല.

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന ഭിന്നശേഷിക്കാർക്ക് സജ്ജീകരണങ്ങൾ

289 (5549) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ എത്തുന്ന ഭിന്നശേഷിക്കാർക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഇല്ലാത്തതുമൂലം പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly